കാസർഗോഡ് സർക്കാർ കോളേജ്

13 (1030) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് സർക്കാർ കോളേജിൽ ബിരുദ ബിരുദാനന്തര പഠനത്തിന് ഏതെല്ലാം കോഴ്സുകളാണ് ഇപ്പോഴുള്ളത് ; പ്രസ്തുത കോഴ്സുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ ;

(ബി) ഒരു കോളേജിനെ കോളേജ് ഓഫ് എക്സലൻസായി ഉയർത്താൻ വേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(സി) കാസർഗോഡ് സർക്കാർ കോളേജിന് പ്രസ്തുത മാനദണ്ഡമനുസരിച്ച് കോളേജ് ഓഫ് എക്സലൻസ്, സ്പെഷ്യൽ ഗ്രേഡ് എന്നീ പദവികൾ ലഭ്യമാക്കാൻ അർഹതയുണ്ടോ ; എങ്കിൽ എപ്പോഴാണ് ഇവ നൽകുകയെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കോളേജിൽ നിലവിലുള്ള എല്ലാ വിഭാഗം തസ്തികകളുടെയും ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെയും വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഡിഗ്രി കോഴ്സ്:

1. അറബിക്
2. ഇക്കണോമിക്സ്
3. ഇംഗ്ലീഷ്
4. ഹിസ്റ്ററി
5. കന്നഡ
6. മലയാളം
7. ബികോം
8. ബോട്ടണി
9. കെമിസ്ട്രി
10. കമ്പ്യൂട്ടർ സയൻസ്

LIBRARY ARCHIVES Kerala Legislative Assembly

11. ജിയോളജി
12. മാത്തമാറ്റിക്സ്
13. ഫിസിക്സ്
14. സുവോളജി.

പി.ജി.കോഴ്സ്

1. അറബിക്
2. ഇക്കണോമിക്സ്
3. ഇംഗ്ലീഷ്
4. കന്നഡ
5. കെമിസ്ട്രി
6. ജിയോളജി
7. മാത്തമാറ്റിക്സ്.

ശിപാർശ ലഭിക്കുന്ന മുറയ്ക്ക് കോഴ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) കോളേജുകളെ സെന്റർ ഓഫ് എക്സലൻസുകളായി ഉയർത്തുന്നത് ഗവൺമെന്റ് നേരിട്ട് പരിശോധിച്ചാണ്. കോളേജിന്റെ പഴമ, കോഴ്സുകളുടെ വൈപുല്യം, വിദ്യാർത്ഥികളുടെ എണ്ണം, മെച്ചപ്പെട്ട റിസൾട്ട് തുടങ്ങിയ കാര്യങ്ങൾ ഇക്കാര്യത്തിൽ സാധാരണ പരിശോധിക്കാറുണ്ട്.

(സി) നിലവിൽ കാസർഗോഡ് സർക്കാർ കോളേജ് സെന്റർ ഓഫ് എക്സലൻസ് കോളേജല്ല. ഇതിനായുള്ള പ്രൊപ്പോസലുകൾ ഒന്നുംതന്നെ നിലവിൽ പരിഗണനയിലില്ല. കോളേജുകൾക്ക് സ്പെഷ്യൽ ഗ്രേഡ് പദവി നൽകുന്ന സമ്പ്രദായം ഇപ്പോൾ നിലവിലില്ല.

(ഡി) 51 കോളേജിൽ ആകെ അദ്ധ്യാപകരുടെ തസ്തികകൾ (പ്രിൻസിപ്പാൾ ഉൾപ്പെടെ) 89 ആണ്. അതിൽ 29 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. ആകെയുള്ള 43 അനദ്ധ്യാപക തസ്തികകളിൽ 2 എണ്ണം ഒഴിഞ്ഞ് കിടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly